# സീറോമലബാർ ആരാധനക്രമം

## രണ്ടാമത്തെ കൂദാശക്രമം
## മാർ തെയദോറിന്റെ ക്രമം

© All Rights reserved to
the Syro-Malabar Bishops' Synod

*Imprimatur*

*Mount St. Thomas*
*24-07-2013*

† **George Cardinal Alencherry**
*Major Archbishop of the Syro-Malabar Church*

† **Bishop George Punnakottil**
*Chairman, Syro-Malabar Commission for Liturgy*

*Published by*

Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi 682030.
E-mail: syromalabarliturgy@gmail.com
Phone: 9446477924

*First Print* 2013

*Reprint* 2018

*Printed at* Alwaye Press, Aluva - 683 101.

**Prot. No.2108/2018**

# DECREE

**With the approval of the Synod of Bishops of the Syro-Malabar Church in its session from 20 August to 01 September 2012 and with the *Recognitio* of the Congregation for the Oriental Churches on 15 December 2012, the Syro-Malabar Church had begun to use the Second Qudasha (Anaphora), that is, the Qudasha of Mar Theodore since 15 August 2013. As the period of the experimental use of the Qudasha has elapsed, the Congregation for the Oriental Churches gave the *Recognitio* to the final text of the Qudasha of Mar Theodore on 19 June 2018. The undersigned George Cardinal Alencherry, the Major Archbishop of the Syro-Malabar Church, hereby promulgates the definitive text of Second *Qudasha* (Anaphora), that is, the *Qudasha* of Mar Theodore, to be effective from 06 January 2019.**

**Given from the Syro-Malabar Major Archiepiscopal Curia at Mount St. Thomas, Kakkanad on 15 December 2018.**

**† George Cardinal Alencherry**
***Major Archbishop of the Syro-Malabar Church***

# രണ്ടാമത്തെ കൂദാശ: മാർ തെയദോറിന്റെ ക്രമം

## 1. കുർബാനയിലെ കൂദാശ

എല്ലാ ക്രൈസ്തവ ആരാധനാപാരമ്പര്യങ്ങളും വിശുദ്ധ കുർബാനയുടെ സമർപ്പണപരമായ മുഖ്യഭാഗത്തിന് സവിശേഷപ്രാധാന്യം കല്പിക്കുന്നുണ്ട്. അനാഫൊറ, കൂദാശ, കുർബാന, കൃതജ്ഞതാപ്രാർത്ഥന, കാനൻ എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്ന ഈ മുഖ്യഭാഗത്തെ ഇന്ന് പൊതുവെ അനാഫൊറ എന്നാണ് വിളിക്കുന്നത്. എന്നാൽ പൗരസ്ത്യസുറിയാനി പാരമ്പര്യം കൂദാശ എന്നാണ് ഈ മുഖ്യഭാഗത്തെ വിളിക്കുന്നത്. കുർബാന എന്ന് വിളിക്കുന്ന പതിവുമുണ്ട്. അതിനാലാണ് മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയെ ശ്ലീഹന്മാരുടെ കുർബാന എന്ന് തക്സയിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

പൗരസ്ത്യസഭകളുടെ കുർബാനകളിൽ പല കൂദാശകൾ (അനാഫൊറകൾ) ഉപയോഗിച്ചുവരുന്നു. ലത്തീൻ പാരമ്പര്യത്തിൽ നാലും, ബൈസന്റയിൻ പാരമ്പര്യത്തിൽ മൂന്നും, അന്ത്യോഖ്യൻ പാരമ്പര്യത്തിൽ പതിമൂന്നും, പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മൂന്നും കൂദാശകളാണ് (അനാഫൊറകൾ) ഉപയോഗിച്ചുവരുന്നത്. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ, മാർ തെയദോറിന്റെ കൂദാശ, മാർ നെസ്തോറിയസിന്റെ കൂദാശ എന്നീ മൂന്നു കൂദാശകൾ സീറോ മലബാർ സഭ ഉപയോഗിച്ചിരുന്നു.

## 2. രണ്ടാമത്തെ കൂദാശയുടെ പുനരുദ്ധാരണം

മാർത്തോമ്മാക്രിസ്ത്യാനികളുടെ കുർബാനക്രമത്തിൽ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലുള്ള ഒന്നാമത്തെ കൂദാശക്രമം മാത്രം മതിയെന്ന് നിശ്ചയിച്ച ഉദയംപേരൂർ സൂനഹദോസ് (1599) മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന കൂദാശകളുടെ ഉപയോഗം അവസാനിപ്പിച്ചു. എന്നാൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളും പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ്

മാർപ്പാപ്പ നിർദ്ദേശിച്ചു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം 1962, 1969, 1983 വർഷങ്ങളിൽ ഈ രണ്ട് കൂദാശകളും പുനരുദ്ധരിച്ച് ഉപയോഗിച്ചു തുടങ്ങേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിച്ചിരുന്നു. 1986 ൽ സീറോ മലബാർ കുർബാനയുടെ പുനരുദ്ധരിക്കപ്പെട്ട റാസക്രമവും 1989 ൽ ആഘോഷപൂർവ്വമായക്രമവും സാധാരണക്രമവും നടപ്പിലാക്കിയതിനെത്തുടർന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ പുനരുദ്ധരിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി.

മാർ തെയദോറിന്റെ കൂദാശയുടെ ടെക്സ്റ്റ് ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സബ്കമ്മിറ്റികളുടെയും സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെയും രൂപതകളിലെ ലിറ്റർജിക്കൽ കമ്മീഷനുകളുടെയും തലങ്ങളിൽ സുദീർഘമായ പഠനങ്ങൾ നടത്തിയ ശേഷമാണ് പുനരുദ്ധരിച്ചത്. രണ്ടാമത്തെ കൂദാശയുടെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തിയിട്ടുണ്ട്. വളരെ ദീർഘമായ പ്രാർത്ഥനകളുടെ ചില ഭാഗങ്ങൾ ഐച്ഛികമായിട്ടാണ് കൊടുത്തിരിക്കുന്നത്. ഒരേ ആശയത്തിന്റെ സ്പഷ്ടമായ ചില ആവർത്തനങ്ങൾ ഒഴിവാക്കാനും ദുരൂഹതയുള്ള ചില പദങ്ങൾക്കുപകരം ലളിതമായ പദങ്ങൾ ചേർക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസികൾക്ക് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കേണ്ടതിനായി കൂദാശയുടെ പൊതു ഘടനയിൽപ്പെട്ട ചില ഘടകങ്ങളെ (പ്രാർത്ഥനാഭ്യർത്ഥനകൾ, ശുശ്രൂഷിയുടെ ആഹ്വാനങ്ങൾ, സ്ഥാപനവിവരണം) മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലെപ്പോലെതന്നെ നിലനിർത്തിയിട്ടുണ്ട്.

2012 ആഗസ്റ്റിലെ സിനഡ് (XX സിനഡ്, സെഷൻ 3) മാർ തെയദോറിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമത്തിന് അംഗീകാരം നല്കുകയും പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കുകയും ചെയ്തു. 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമം മൂന്നുവർഷക്കാലത്തേക്ക് പരീക്ഷണാർത്ഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി 2013 ജൂലൈ 24-ാം തീയതി നല്കിയ ഡിക്രി പ്രകാരം (Prot. No. 1430/2013) ഈ കൂദാശക്രമം പ്രസിദ്ധപ്പെടുത്തുന്നു.

## 3. രണ്ടാമത്തെ കൂദാശയുടെ രചയിതാവ്

മാർ തെയദോറിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാശയുടെ രചയിതാവ് തെയദോറല്ല എന്നാണ് ഈ കൂദാശയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പണ്ഡിതൻമാരുടെ അഭിപ്രായം. എങ്കിലും തെയദോറിന്റെ മതാദ്ധ്യാപന പ്രസംഗങ്ങളിലും മറ്റു രചനകളിലും കാണുന്ന ചില ദൈവശാസ്ത്ര ചിന്തകൾ ഈ കൂദാശയിൽ പ്രകടമായി കാണാം. തെയദോറിന്റെ ദൈവശാസ്ത്രചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നുവെങ്കിലും കലർപ്പില്ലാത്ത ക്രൈസ്തവ പ്രബോധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാസ്ത്രവീക്ഷണങ്ങളുടെ ആധികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല.

രണ്ടാമത്തെ കൂദാശയുടെ ഘടന, സെമിറ്റിക്, പൗരസ്ത്യസുറിയാനി ദൈവശാസ്ത്ര പ്രമേയങ്ങളുടെ സാന്നിദ്ധ്യം എന്നിവ തെയദോറല്ല രചയിതാവ് എന്നതിന് തെളിവുകളാണ്. AD 540-552 കാലയളവിൽ പൗരസ്ത്യസുറിയാനി പാത്രിയർക്കീസായിരുന്ന മാർ ആബാ ആയിരുന്നിരിക്കാം ഈ കൂദാശയുടെ രചയിതാവ്.

## 4. രണ്ടാമത്തെ കൂദാശയുടെ സവിശേഷതയും ദൈവശാസ്ത്രപ്രാധാന്യവും

തെയദോറിന്റെ കൂദാശ വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്ന് ഈ കൂദാശയെക്കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ കൂദാശയിലെ ക്രിസ്തുവിജ്ഞാനീയപരവും റൂഹാവിജ്ഞാനീയപരവും സഭാവിജ്ഞാനീയപരവും കുർബാനവിജ്ഞാനീയപരവുമായ ആശയങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും വിശുദ്ധഗ്രന്ഥവുമായി ഏറ്റവുമടുത്ത് നില്ക്കുന്നതുമാണ്.

അതിപ്രാചീനവും ക്രൈസ്തവസഭയുടെ പ്രാരംഭകാല ചിന്താശൈലികൾ പിന്തുടരുന്നതുമായ മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ ക്രൈസ്തവ സഭകളിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്ന ഒരു കൂദാശയാണെന്നതിൽ തർക്കമില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ മൂന്നാം നൂറ്റാ

ണ്ടിന്റെ ആരംഭത്തിലോ രൂപംകൊണ്ട ഈ കൂദാശയെക്കാൾ വളരെയേറെ ദൈവ ശാസ്ത്രവികാസം പ്രാപിച്ചതാണ് തെയദോറിന്റെ കൂദാശ. ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശയുടെ മുഖമുദ്ര വികാസം പ്രാപിച്ച ദൈവശാ സ്ത്രവും വ്യവസ്ഥാപിതമായ ആശയഘടനയുമാണ്. ഉദാഹരണമായി മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലെ ഒന്നാം ഗ്ഹാന്ത പ്രാർത്ഥ നയിൽ "അങ്ങ് ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി ...." എന്ന് സംക്ഷിപ്തമായി പറയുന്ന ദൈവശാസ്ത്രാശയത്തെ രണ്ടാമത്തെ കൂദാശയിൽ "അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ മനുഷ്യ സ്വഭാവംവഴി പൂർത്തിയാക്കിയ അത്ഭുതാവഹവും ഭയഭക്തിജനകവുമായ രക്ഷാപദ്ധതിവഴി പുതുജീവൻ നല്കി ഞങ്ങളെ നവീകരിക്കുകയും പരിശുദ്ധാ ത്മാവിനെ അച്ചാരമായി നൽകുകയും ചെയ്തു" എന്നിങ്ങനെ വിശദമാക്കിയി രിക്കുന്നു. രണ്ടാം കൂദാശയിലെ ഗ്ഹാന്ത പ്രാർത്ഥനകളിൽ പരിശുദ്ധ ത്രിത്വ ത്തിലെ മൂന്നാളുകളെ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. ആമുഖസംഭാ ഷണത്തിൽ ഒന്നാം കൂദാശ 'ഉന്നതത്തിലേക്ക്' എന്ന് ചുരുക്കമായി പറഞ്ഞി രിക്കുന്നതിനെ രണ്ടാം കൂദാശ ഏശയ്യാ 6:3 ലെ ദർശനത്തിന്റെ പശ്ചാത്തല ത്തിൽ ക്രോവേന്മാരും സ്രാപ്പേന്മാരും നിരന്തരം ദൈവസ്തുതി പാടുന്ന സ്വർഗ മായ ഉന്നതങ്ങളിലേക്ക് എന്ന് പരാവർത്തനം ചെയ്യുന്നു. ദൈവശാസ്ത്രപര മായ വിശദീകരണമുൾക്കൊള്ളുന്ന ആഹ്വാനം സ്വർഗീയാരാധനയിലെ പങ്കു ചേരലിനെ സുഗമമാക്കാൻ സഹായിക്കും.

ഒന്നാം കൂദാശയിലെ "സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർ ബാന അർപ്പിക്കപ്പെടുന്നു" എന്ന പ്രസ്താവനയെ രണ്ടാം കൂദാശയിൽ ഗഹ നമായ ഒരു ദൈവശാസ്ത്ര പ്രസ്താവനയാക്കി വികസിപ്പിച്ചിരിക്കുന്നു. "മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ സജീവവും മാനുഷി കവും രക്തരഹിതവും സ്വീകാര്യവുമായ കുർബാന സർവ്വസൃഷ്ടി കൾക്കുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു."

രണ്ടാം ഗ്ഹാന്തയിൽ....... "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ" എന്ന പൊതുവായ സംബോധനയ്ക്കുപകരം പരിശുദ്ധ ത്രിത്വ ത്തിലെ മൂന്നാളുകളുടെയും വ്യത്യസ്ത ധർമ്മങ്ങൾ എടുത്തുപറഞ്ഞുകൊണ്ട്

ത്രിത്വൈക ദൈവത്തെ സംബോധന ചെയ്യുകയാണ്. "തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി ഏറ്റുപറയപ്പെടുന്ന ആരാധ്യമായ അങ്ങയുടെ പരമപരിശുദ്ധിയുടെ മുമ്പാകെ ....." എന്ന പ്രസ്താവന ത്രിത്വത്തെക്കുറിച്ചുള്ള വികസിതമായ ദൈവശാസ്ത്ര ചിന്തയുടെ ആവിഷ്ക്കാരമാണ്.

മൂന്നാം ഗ്ഹാന്ത ഗഹനങ്ങളായ ദൈവശാസ്ത്രചിന്തകളാൽ സമ്പന്നമാണ്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളടെയും തുല്യത, മനുഷ്യാവതാരത്തിലെ ശൂന്യവത്ക്കരണം, സഭയുടെ ശിരസ്സായ മിശിഹാ, മിശിഹായുടെ ആത്മബലി, പരിശുദ്ധ റൂഹാ, അനുരഞ്ജനത്തിന്റെ ബലി, വി. കുർബാന സ്ഥാപനവിവരണം എന്നിങ്ങനെയുള്ള ഉള്ളടക്കം വികസിതമായ ഒരു കൂദാശയുടെ ലക്ഷണമാണ്.

പരിശുദ്ധാത്മാവിന്റെ പവിത്രീകരണധർമ്മത്തെക്കുറിച്ച് നാലാം ഗ്ഹാന്തയിൽ വ്യക്തമായി പ്രതിപാദിക്കുന്നു. പവിത്രീകരണഫലമായി ആരാധനാസമൂഹത്തിനുണ്ടാകേണ്ട ഗാഢമായ കൂട്ടായ്മയെക്കുറിച്ചും ഈ ഗ്ഹാന്ത പ്രതിപാദിക്കുന്നു. വി. കുർബാനയർപ്പണത്തിന്റെ യഥാർത്ഥ ശൈലിയും മാനദണ്ഡവും ഈ ഗ്ഹാന്തയിൽ സൂചിതമാണ്.

പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ മനസ്സിലാക്കാം. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കുവാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബാന സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്രബോധ്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കൂദാശയുടെ ആഘോഷം സീറോ മലബാർ സഭയുടെ ദൈവശാസ്ത്ര വളർച്ചയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ചെയർമാൻ**<br>
**സീറോമലബാർ ലിറ്റർജി കമ്മീഷൻ,**<br>
**ആഗസ്റ്റ് 15, 2013**

# പ്രസ്താവന

2012 ആഗസ്റ്റിലെ സീറോ മലബാർസഭ സിനഡ് മാർ തെയദോറിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമത്തിന് അംഗീകാരം നല്കുകയും പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കുകയും ചെയ്തു. മാർ തെയദോറിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമം മൂന്നു വർഷക്കാലത്തേക്ക് പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള അംഗീകാരം 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം നല്കുകയും തുടർന്ന് മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി 2013 ജൂലൈ 24-ാം തീയതി നല്കിയ ഡിക്രി പ്രകാരം രണ്ടാമത്തെ കൂദാശക്രമം പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവല്ലോ. മാർ തെയദോറിന്റെ കൂദാശ പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള കാലാവധി കഴിഞ്ഞപ്പോൾ ഈ കൂദാശക്രമത്തെക്കുറിച്ച് വിവിധരൂപതകളിൽനിന്നും സന്യാസസഭകളിൽനിന്നും ലഭിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി പ്രസ്തുത കൂദാശക്രമത്തിന്റെ ഡ്രാഫ്റ്റ് റോമിൽ സമർപ്പിക്കുകയുണ്ടായി. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം 2018 ജൂൺ 19-ന് ഈ കൂദാശക്രമത്തിന് അന്തിമ അംഗീകാരം നല്കി. ഇതിന്റെ വെളിച്ചത്തിൽ 2019 ജനുവരി 6-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധം മാർ തെയദോറിന്റെ കൂദാശക്രമം പുനഃപ്രസിദ്ധീകരിക്കുവാൻ മേജർ ആർച്ചുബിഷപ്പ് അനുമതി നല്കി (Prot. No. 2108/2018).

പൗരസ്ത്യ സുറിയാനി സഭയുടെ അമൂല്യ സമ്പത്തായ മാർ തെയദോറിന്റെ കൂദാശക്രമം ഉപയോഗിച്ച് വിശുദ്ധകുർബാന അർപ്പിക്കുന്നത് സീറോ മലബാർസഭയുടെ ദൈവശാസ്ത്രവളർച്ചയ്ക്കും സഭാമക്കളുടെ ആദ്ധ്യാത്മിക ജീവിതപോഷണത്തിനും കാരണമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മാർ തോമസ് ഇലവനാൽ, ചെയർമാൻ
സീറോമലബാർ ലിറ്റർജി കമ്മീഷൻ,
ഡിസംബർ 25, 2018.

## പൊതുനിർദ്ദേശങ്ങൾ

1. മംഗലവാർത്തക്കാലം (സൂബാറാ) ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള കാലങ്ങളിലാണ് ഈ ക്രമം ഉപയോഗിച്ചിരുന്നത്. എന്നാൽ പ്രസ്തുത കാലങ്ങളിലും മറ്റെല്ലാ കാലങ്ങളിലും ഈ ക്രമം ഉപയോഗിക്കാവുന്നതാണ്.

2. ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണ കുർബാനയിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങൾ ⌜ ⌟ ഇങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു. റാസയിലും ആഘോഷപൂർവ്വകമായ കുർബാനയിലും സാധാരണകുർബാനയിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങളാണു ചെറിയ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നത്.

# രണ്ടാമത്തെ കൂദാശക്രമം

## മാർ തെയദോറിന്റെ ക്രമം

*വിശ്വാസപ്രമാണം കഴിഞ്ഞ് കാർമ്മികൻ ശുശ്രൂഷിക്കുനേരേ തിരിഞ്ഞ് ആശീർവദിച്ചുകൊണ്ടു ചൊല്ലുന്നു.*

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവം തന്റെ സ്തുതികൾ ആലപിക്കുവാൻ നിന്നെ ✠ ശക്തനാക്കട്ടെ.

*ശുശ്രൂഷി ജനങ്ങൾക്കു നേരേ തിരിഞ്ഞുനിന്ന് താഴെ വരുന്ന കാറോസൂസ ചൊല്ലുന്നു.*

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ. പാത്രിയർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും ബ്രഹ്മചാരികളുടെയും കന്യകമാരുടെയും നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ, സഹോദരീസഹോദരന്മാർ എന്നിവരുടെയും ഓർമയാചരിച്ചുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളെയും സത്യവിശ്വാസത്തോടെ മരിച്ച്, ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ എല്ലാവരെയും അനുസ്മരിക്കുവിൻ.

എല്ലാ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വന്ദകരെയും ഓർമിക്കുവിൻ. മരിച്ചവരുടെ ഉയിർപ്പിൽ അവരെ മുടിചൂടിക്കുന്ന ദൈവം അവരോടുകൂടെ നമുക്കു പ്രത്യാശയും പങ്കാളിത്തവും ജീവനും സ്വർഗരാജ്യത്തിൽ അവകാശവും നല്കട്ടെ. ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.

**മിശിഹായുടെ കൃപയാൽ ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.**

*ഈ സമയത്തു കാർമ്മികൻ മൂന്നുപ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു. ഓരോ ആചാരത്തിനുശേഷവും അല്പം മുമ്പോട്ടുകയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.*

**നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും ചിതറിപ്പോയവരെ ഒരുമിപ്പിക്കുകയും അകന്നുപോയവരെ അടുപ്പിക്കുകയും വഴിതെറ്റിയവരെ സത്യത്തിന്റെ അറിവിലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്യുന്ന കർത്താവേ,**
**നിന്നെ ഞാൻ സ്തുതിക്കുന്നു.**

**ബലഹീനനായ എന്നെ നിന്റെ കൃപയാൽ വിളിക്കുകയും കാരുണ്യത്താൽ നിന്റെ പക്കലേക്ക് ആനയിക്കുകയും നിന്റെ ശ്രേഷ്ഠശരീരമാകുന്ന പരിശുദ്ധ കത്തോലിക്കാസഭയിലെ സവിശേഷ അംഗമായി നിയമിക്കുകയും ബലിയർപ്പിക്കുവാൻ നിയോഗിക്കുകയും ചെയ്ത കർത്താവേ,**
**നിന്നെ ഞാൻ സ്തുതിക്കുന്നു.**

**ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായിൽ സംപ്രീതനായി സകല മനുഷ്യരുടെയും പാപങ്ങൾ മോചിച്ച് അനുരഞ്ജിപ്പിക്കുവാൻ തിരുമനസ്സായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി അങ്ങയുടെ മുമ്പാകെ ഞാൻ സമർപ്പിക്കട്ടെ.**

*കാർമ്മികൻ ബലിപീഠത്തെ സമീപിച്ച് അതിന്റെ മധ്യത്തിലും വലത്തേ അറ്റത്തും ഇടത്തേ അറ്റത്തും ആചാരം ചെയ്തു ചുംബിക്കുന്നു. അനന്തരം മധ്യത്തിൽ വന്ന് പ്രാർത്ഥന യാചിക്കുന്നു.*

**കാർമ്മി:** **കർത്താവേ, ആശീർവദിക്കണമേ.**

*ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്*

**എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.**

*ബലിപീഠത്തിനുനേരേ തിരിയുന്നു*

**സമൂ:** **സകലത്തിന്റെയും നാഥനായ ദൈവം തന്റെ അഭീഷ്ടം നിറവേറ്റുവാൻ അങ്ങയെ ശക്തനാക്കട്ടെ. ഈ കുർബാന അവിടുന്ന് സ്വീകരിക്കട്ടെ. അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനും വേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ**

*അനന്തരം താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന (കൂശാപ്പ) ചൊല്ലുന്നു.*

കർത്താവും ദൈവവുമായ മിശിഹായേ,
ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ.
ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യം നിമിത്തം നീ കോപിക്കരുതേ.
നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ
സമയത്തിന്റെ സമാപ്തിയിൽ പ്രത്യക്ഷനാകുമ്പോൾ,
തിരുസ്സന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും
സ്വർഗീയഗണങ്ങളോടുചേർന്ന് നിന്നെ സ്തുതിക്കുന്നതിനും
ഞങ്ങൾ യോഗ്യരാകുവാൻവേണ്ടി ഈ ബലി
നിന്റെ അവർണനീയമായ കൃപയാൽ പവിത്രീകരിക്കണമേ.
ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കുവാൻ
ഇതിനു ശക്തി നല്കുകയും ചെയ്യണമേ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി*
*ഒന്നാം പ്രണാമ ജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കർത്താവേ, സർവ്വശക്തനും നിത്യനുമായ ദൈവമേ,**
**അങ്ങു സകലത്തിന്റെയും കാരണഭൂതനും**
**സ്രഷ്ടാവുമാകുന്നു. അഗ്രാഹ്യവും അവർണനീയവും**

**മഹോന്നതവുമായ കാര്യങ്ങൾ നിർവഹിക്കുന്ന**
**മഹത്ത്വമുള്ള രാജാവും അങ്ങുതന്നെയാകുന്നു.**
**അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ**
**മനുഷ്യസ്വഭാവംവഴി പൂർത്തിയാക്കിയ അത്ഭുതാവഹവും**
**ഭയഭക്തിജനകവുമായ രക്ഷാപദ്ധതിവഴി പുതുജീവൻ നല്കി**
**ഞങ്ങളെ നവീകരിക്കുകയും പരിശുദ്ധാത്മാവിനെ**
**അച്ചാരമായി നല്കുകയും ചെയ്തു.**
**ഞങ്ങൾ അയോഗ്യരാണെങ്കിലും അങ്ങയുടെ കൃപയാൽ**
**പരിശുദ്ധവും സ്തുത്യർഹവുമായ ഈ ദിവ്യരഹസ്യങ്ങളെ**
**അറിയുന്നതിനും സമീപിക്കുന്നതിനും**
**പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും**
**ഇവയോട് ഏകീഭവിക്കുന്നതിനും**
**ഞങ്ങളെ അങ്ങ് യോഗ്യരാക്കി.**

**എന്റെ കർത്താവേ, ഞങ്ങളുടെ നിസ്സാരതയും ദൗർബല്യവും**
**അങ്ങു പരിഗണിക്കരുതേ. അങ്ങയുടെ ദയയാലും**
**കവിഞ്ഞൊഴുകുന്ന കാരുണ്യത്താലും**
**പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ നിറയ്ക്കണമേ.**
**നിർമ്മലമനസ്സാക്ഷിയോടുകൂടെ**
**അങ്ങയുടെ മുമ്പാകെ നില്ക്കുവാനും**
**സജീവവും പരിശുദ്ധവും സ്വീകാര്യവും രക്തരഹിതവുമായ**
**ഈ ബലിവഴി കൃപയും കാരുണ്യവും കണ്ടെത്തുവാനും**
**ഞങ്ങളെ അനുഗ്രഹിക്കണമേ.**

*കാർമ്മികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ*
*കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചു ചൊല്ലുന്നു.*

**അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും**
**ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ചിട്ടുള്ള**
**എല്ലാവരോടുംകൂടെ അങ്ങേക്കും ദിവ്യസുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും**
**കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.**

*തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.*

**ഇപ്പോഴും ✠ എപ്പോഴും എന്നേക്കും**

**സമൂ:** **ആമ്മേൻ.**

*ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ താഴത്തെ പടിയിൽ നില്ക്കുന്നു. കാർമ്മികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു.*

**കാർമ്മി:** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ:** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

*ശുശ്രൂഷികളിലൊരാൾ കാർമ്മികനിൽ നിന്ന് സമാധാനം സ്വീകരിച്ച് മറ്റു ശുശ്രൂഷികൾക്ക് ക്രമപ്രകാരം നല്കുന്നു.*

**ശുശ്രൂ:** **സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ.**

*അനന്തരം ശുശ്രൂഷി ബലിപീഠത്തിങ്കൽ നിന്നിറങ്ങി, മദ്ബഹയിൽ ഇടത്തും വലത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ളവർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്ന വിശ്വാസികൾക്ക് സമാധാനം നല്കുന്നു. എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു. ഈ സമയത്ത് ശുശ്രൂഷി ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്ന് അനുസ്മരണപ്രാർത്ഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.*

**ശുശ്രൂ:** **മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ പാത്രിയാർക്കീസുമാർ, മെത്രാന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും സഭാസമൂഹത്തിലെ മറ്റു ജീവിതാന്തസ്സുകളിൽപെട്ട പരേതർക്കും (പ്രത്യേകിച്ച് ............... ഉം) വേണ്ടി ഈ കുർബാന സ്വീകരിക്കണമേ. ലോകത്തിൽ സമാധാനം ഉണ്ടാകാനും വത്സരത്തിലെ വിവിധ കാലങ്ങൾ അങ്ങയുടെ കൃപയാൽ അനുഗൃഹീതവും ഐശ്വര്യപൂർണവുമാകാനുംവേണ്ടി ഈ ബലി അങ്ങു കൈക്കൊള്ളണമേ.**

**അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന ഈ കുർബാന യുടെ സ്വീകരണത്തിനു യോഗ്യരായ എല്ലാ സഭാതനയർക്കു വേണ്ടിയും ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കും ഞങ്ങൾക്കുംവേണ്ടിയും മറ്റെല്ലാവർക്കുംവേണ്ടിയും (പ്രത്യേകിച്ച് .......... വേണ്ടിയും) ഈ കുർബാന അങ്ങു സ്വീകരിക്കണമേ. എന്നേക്കും. ആമ്മേൻ.**

**ശുശ്രൂ:** **നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ കർത്താവിനു നന്ദി പറയുകയും അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവം നിന്ന് ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ** *(മെത്രാപ്പോലീത്തയോ മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ പുരോഹിതശ്രേഷ്ഠൻ എന്നു പറയുന്നു.)* **തന്റെ മാധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി നിശ്ശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുംകൂടെ നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

*ശുശ്രൂഷി നമുക്കെല്ലാവർക്കും എന്ന് ആരംഭിക്കുമ്പോൾ കാർമ്മികൻ താഴെവരുന്ന പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.*

**കർത്താവേ, ശക്തനായ ദൈവമേ,**
**ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ.**
**അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും**
**ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി**
**സജീവവും വിശുദ്ധവുമായ ഈ ബലി**
**തിരുസന്നിധിയിൽ അർപ്പിക്കുവാൻ**
**അങ്ങയുടെ അനുഗ്രഹത്താൽ**
**എന്നെ യോഗ്യനാക്കുകയും ചെയ്യണമെ.**
**സകലത്തിന്റെയും നാഥാ, എന്നേക്കും.**

*കാർമ്മികൻ രഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കുചുറ്റും വച്ചു ചൊല്ലുന്നു.*

**കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും**
**കൃപാപൂർവം നീ എന്നെ യോഗ്യനാക്കി. അപ്രകാരംതന്നെ**
**വിധിദിവസത്തിൽ നിന്റെ സംപ്രീതിക്കും**
**എന്നെ യോഗ്യനാക്കണമേ.**

*ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കാർമ്മികന്റെ അടുക്കൽ കൊണ്ടുവരുന്നു. അദ്ദേഹം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.*

**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
**അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന**
**ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ**
**✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും**
**അങ്ങയുടെ അജഗണത്തിന്റെ**
**പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.**

*കാർമ്മികൻ അവിടെത്തന്നെനിന്നുകൊണ്ട് ബലിപീഠം ധൂപിച്ചു കൊണ്ടു ചൊല്ലുന്നു.*

**ഞങ്ങളുടെ കർത്താവായ ദൈവമേ,**
**അങ്ങയുടെ മഹനീയമായ ആലയത്തിലെ**
**വിശുദ്ധ ബലിപീഠത്തിനു മുമ്പിൽ ഞങ്ങൾ അർപ്പിക്കുന്ന**
**പരിമളധൂപം അങ്ങയെ പ്രസാദിപ്പിക്കട്ടെ.**
**അങ്ങയുടെ പരിശുദ്ധ നാമത്തിന്റെ സംപ്രീതിക്കും**
**അങ്ങയുടെ ദാസരായ ഞങ്ങളുടെയും**
**അങ്ങയുടെ അജഗണത്തിന്റെയും**
**പാപങ്ങളുടെ മോചനത്തിനും ഇതു കാരണമാകട്ടെ.**
**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
**സർവേശ്വരാ, എന്നേക്കും.**

*ധൂപകലശം ശുശ്രൂഷിയെ തിരിച്ചേല്പിച്ചുകൊണ്ടു ചൊല്ലുന്നു.*

**എപ്പോഴും തന്റെ അഭീഷ്ടമനുസരിച്ചു**
**പ്രവർത്തിക്കുന്നതിനു മിശിഹാ നിന്നെ ശക്തനാക്കട്ടെ.**

**കാർമ്മി:** *(ഉയർന്ന സ്വരത്തിൽ)*

**മിശിഹാ കർത്താവിൻ കൃപയും**
**ദൈവപിതാവിൻ സ്നേഹമതും**
**റൂഹാതൻ സഹവാസവുമീ ✠**
**നമ്മോടൊത്തുണ്ടാകട്ടെ.**

*അല്ലെങ്കിൽ*

**നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും**
**പിതാവായ ദൈവത്തിന്റെ സ്നേഹവും**
**പരിശുദ്ധാത്മാവിന്റെ സഹവാസവും**
**നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**
**ഇപ്പോഴും** ✠ *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)*
**എപ്പോഴും എന്നേക്കും.**

**സമൂ:** **ആമ്മേൻ.**

*തിരുനാൾ ദിനങ്ങളിൽ*
*(കാർമ്മികൻ കൈകളുയർത്തിക്കൊണ്ട് പാടുന്നു.)*

**കാർമ്മി:** **ക്രോവേ സ്രാപ്പേ വൃന്ദങ്ങൾ**
**നിതരാം വിണ്ണിൽ കീർത്തിപ്പൂ**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

**ഭക്തികലർന്ന ഭയത്തോടെ**
**കർത്താവിന്റെ മഹത്ത്വമെഴും**
**സ്വർഗതലത്തേക്കുയരട്ടെ**
**നമ്മുടെ ചിന്തകളനുവേലം.**

**സമൂ:** പൂർവപിതാവാമബ്രാഹം
ഇസഹാക്ക്, യാക്കോബെന്നിവർതൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

**കാർമ്മി:** മർത്യകുലത്തിന്നാദ്യഫലം
മിശിഹാകർത്താവവിടുത്തെ
രക്തം ചിന്താതുള്ളബലി
എവിടെയുമർപ്പിച്ചീടുന്നു.

മാനുഷ്യത്തോടുയിരോടെ
ഭൂതലസീമയിലെന്നെന്നും
സൃഷ്ടികൾതന്നുടെ രക്ഷയ്ക്കായ്
സകലത്തിന്നധിനാഥന്നായ്.

**സമൂ:** ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.

*(അല്ലെങ്കിൽ)*

*(കാർമ്മികൻ കൈകളുയർത്തിക്കൊണ്ട് ചൊല്ലുന്നു.)*

**കാർമ്മി:** ക്രോവേന്മാരും സ്രാപ്പേന്മാരും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് നിരന്തരം പ്രകീർത്തിക്കുന്ന ഭയഭക്തിജനകവും മഹത്ത്വപൂർണവുമായ ഉന്നതങ്ങളിലേക്ക് നിങ്ങളുടെ വിചാരങ്ങൾ ഉയർത്തുവിൻ.

**സമൂ:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ സന്നിധിയിലേക്ക്.

**കാർമ്മി:** മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ സജീവവും മാനുഷികവും രക്തരഹിതവും സ്വീകാര്യവുമായ കുർബാന സർവസൃഷ്ടികൾക്കുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.

**സമൂ:** അതു ന്യായവും യുക്തവുമാകുന്നു.

### *സാധാരണ ദിവസങ്ങളിൽ*

*(കാർമ്മികൻ കൈകളുയർത്തിക്കൊണ്ട് ചൊല്ലുന്നു.)*

**കാർമ്മി:** ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാര വിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാരവിചാരങ്ങൾ.

**സമൂ.** പൂർവ്വപിതാവാമബ്രാഹം,
ഇസഹാക്ക്, യാക്കോബെന്നിവർ തൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

**കാർമ്മി.** അഖിലചരാചരകർത്താവാം
ദൈവത്തിനു ബലിയർപ്പിപ്പൂ.

**സമൂ.** ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.

*അല്ലെങ്കിൽ*

**കാർമ്മി:** നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.

**സമൂ:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ അങ്ങയുടെ സന്നിധിയിലേക്ക്.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന അർപ്പിക്കപ്പെടുന്നു.

**സമൂ:** അതു ന്യായവും യുക്തവുമാകുന്നു.

**ശുശ്രൂ:** സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** *(കാർമ്മികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന ചൊല്ലുന്നു.)*

കർത്താവേ, ഞങ്ങളുടെ മനസ്സിനെ
എല്ലാ അശുദ്ധിയിലും ദുഷ്ടതയിലും
അസൂയയിലും വഞ്ചനയിലും വിദ്വേഷത്തിലുംനിന്ന്
വിമുക്തമാക്കണമേ. അങ്ങയുടെ കരുണയാൽ
തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും
സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ.
വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശാപൂർവം
അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക്
ആത്മധൈര്യം നല്കുകയും ചെയ്യണമേ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി*
*രണ്ടാം പ്രണാമ ജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി:** **കർത്താവായ ദൈവമേ, പിതാവും പുത്രനും**
**പരിശുദ്ധാത്മാവുമായ അങ്ങയുടെ പരിശുദ്ധനാമത്തെ**
**എന്നും എല്ലായ്പ്പോഴും എവിടെയും ഏറ്റുപറയുകയും**
**ആരാധിക്കുകയും ചെയ്യുക ഉചിതമാകുന്നു.**
**എന്തുകൊണ്ടെന്നാൽ, ദൃശ്യവും അദൃശ്യവുമായ**
**സകലത്തിന്റെയും സ്രഷ്ടാവും കർത്താവും അങ്ങാകുന്നു.**
**അങ്ങയുടെ മഹത്ത്വത്തിന്റെ പ്രകാശവും**
**സത്തയുടെ പ്രതിച്ഛായയുമായ**
**ഏകജാതനും ദൈവവുമായ വചനംവഴി**
**ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും**
**അങ്ങു സൃഷ്ടിച്ചു ക്രമപ്പെടുത്തി.**
**പിതാവായ അങ്ങയിൽനിന്നുള്ളവനും**
**സത്യാത്മാവുമായ പരിശുദ്ധാത്മാവ് സകല സൃഷ്ടികളെയും**
**ശക്തരാക്കുകയും പവിത്രീകരിക്കുകയും**
**അങ്ങയുടെ ആരാധ്യമായ ദൈവത്വത്തിന്**
**സ്തുതികളർപ്പിക്കാൻ അർഹരാക്കുകയും ചെയ്തിരിക്കുന്നു.**
**ത്രിതൈ്വകദൈവമേ, അങ്ങയുടെ തിരുസന്നിധിയിൽ**
**ആയിരങ്ങളും പതിനായിരങ്ങളുമായ വാനവഗണങ്ങൾ**

ആനന്ദപൂർവം തിരുനാമത്തെ നിരന്തരം പാടി സ്തുതിക്കുന്നു.
കർത്താവേ, തുല്യരും അവിഭാജ്യരുമായ
മൂന്നാളുകളായി ഏറ്റുപറയപ്പെടുന്ന
ആരാധ്യമായ അങ്ങയുടെ പരമപരിശുദ്ധിയുടെ മുമ്പാകെ
എല്ലാ സ്വർഗീയഗണങ്ങളും സദാ സ്തുതികളർപ്പിക്കുന്നു.
അവരോടുചേർന്ന് ബലഹീനമായ മർത്ത്യഗണം
പരമോന്നതനായ അങ്ങയെ പാടിസ്തുതിക്കുന്നു.

*കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തി ചൊല്ലുന്നു.*

**കാർമ്മി:** ഒന്നായ് ഉച്ചസ്വരത്തിലവർ
തിരുസ്സന്നിധിയിൽ അനവരതം
സ്തുതിഗീതങ്ങൾ പാടുന്നു.

**സമൂ:** ദൈവം നിത്യമഹത്ത്വത്തിൻ
കർത്താവെന്നും പരിശുദ്ധൻ
ബലവാനീശൻ പരിശുദ്ധൻ
മണ്ണും വിണ്ണും നിറയുന്നു
മന്നവനവനുടെ മഹിമകളാൽ.
ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന.
കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ
ഉന്നതവീഥിയിലോശാന.

*(അല്ലെങ്കിൽ)*

**കാർമ്മി:** ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട്, അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

**സമൂ:** ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും

**നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന, ദാവീദിന്റെ പുത്രന് ഓശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.**

*കാർമ്മികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം താഴ്ന്ന സ്വരത്തിൽ യാചനാപ്രാർത്ഥന ചൊല്ലുന്നു.*

**കാർമ്മി:** ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു.
അങ്ങുമാത്രമാകുന്നു യഥാർത്ഥ പിതാവ്.
സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും
അങ്ങിൽ നിന്നാകുന്നു. നിത്യനായ പുത്രാ,
അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി
സൃഷ്ടിക്കപ്പെട്ടു. റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു.
എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

*കാർമ്മികൻ തുടരുന്നു*

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു.
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ ഞാൻ
വസിക്കുകയും ചെയ്യുന്നു. ബലവാനും കർത്താവുമായ രാജാവിനെ
എന്റെ നയനങ്ങൾ ദർശിച്ചു. കർത്താവിനെ ഇന്നു ഞാൻ
അഭിമുഖം കണ്ട ഈ സ്ഥലം എത്ര ഭീതിജനകം!
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല.
കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ.
അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.
എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

**കാർമ്മി:** കർത്താവേ, ആശീർവദിക്കണമേ.

*ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾനീട്ടി വിടർത്തിക്കൊണ്ട്*

എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

*ബലിപീഠത്തിനുനേരേ തിരിയുന്നു.*

**സമൂ:** മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.
അങ്ങയുടെ പൗരോഹിത്യത്തെ അവിടുന്നു
സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടുത്തെ കൃപയും അനുഗ്രഹവും
പ്രത്യാശാപൂർവം കാത്തിരിക്കുന്ന ലോകം
മുഴുവനുംവേണ്ടിയും അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ

*കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി*
*മൂന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, സത്യമായും അങ്ങു പരിശുദ്ധനും എന്നേക്കും സ്തുത്യർഹനുമാകുന്നു. സത്യത്തിന്റെ പിതാവായ ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങയുടെ ഏകജാതനായ ഞങ്ങളുടെ കർത്താവീശോമിശിഹായും പരിശുദ്ധനാകുന്നു. സൃഷ്ടിക്കപ്പെടാത്ത ദൈവസ്വഭാവമുള്ളവനും സകലത്തിന്റെയും കാരണഭൂതനുമായ റൂഹാദ്ക്കുദ്ശയും പരിശുദ്ധനാകുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു. അവിടുത്തെ വാസസ്ഥലവും പരിശുദ്ധമാകുന്നു. തന്റെ കൃപയുടെ ദാനം സ്വീകരിക്കുവാൻ അർഹരാക്കപ്പെട്ട സകലരെയും അവിടുന്നു സത്യത്തിൽ പവിത്രീകരിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും

സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
ഞങ്ങൾ സമർപ്പിക്കുന്നു.

കർത്താവായ ദൈവമേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുകയും,
ഞങ്ങൾക്കു നല്കിയ സകല കൃപാവരങ്ങൾക്കുമായി
അങ്ങയെ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു.

എന്തെന്നാൽ ഇല്ലായ്മയിൽനിന്ന് അങ്ങു ഞങ്ങളെ സൃഷ്ടിച്ചു.
സ്വാതന്ത്ര്യവും ബുദ്ധിശക്തിയും നല്കി,
ബഹുമാനത്തിന് അങ്ങു ഞങ്ങളെ യോഗ്യരാക്കി.
ആദിമുതൽ എല്ലാ സമയവും
ഞങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ
അങ്ങു ശ്രദ്ധാലുവാകുന്നു. അങ്ങയുടെ മഹനീയവും
ഭയഭക്തിജനകവുമായ നാമത്തിനുമുമ്പിൽ
ഞങ്ങൾ കുമ്പിട്ട് ആരാധിക്കുന്നു.
സ്വർഗീയരുടെ എല്ലാ ഗണങ്ങളും ഞങ്ങളോടുകൂടെ
അങ്ങയെ സ്തുതിക്കുകയും അവർണനീയമായ
കൃപയെക്കുറിച്ച് അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു.

മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി
ഏകജാതനും വചനവുമായ ദൈവം
അങ്ങയോടുള്ള സമാനത പരിഗണിക്കാതെ
തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ചു.
അവിടുന്നു സ്വർഗത്തിൽ നിന്നിറങ്ങി
പരിശുദ്ധാത്മാവിന്റെ ശക്തിയാൽ
പരിശുദ്ധ കന്യകയിൽനിന്നു മനുഷ്യത്വം ധരിച്ച്
മർത്ത്യമായ ശരീരവും അമർത്യമായ ആത്മാവും സ്വീകരിച്ചു.
ലോകസൃഷ്ടിക്കു മുമ്പുതന്നെ അങ്ങയുടെ
അനന്തജ്ഞാനത്താൽ ഒരുക്കപ്പെട്ടിരുന്ന
മഹനീയവും വിസ്മയാവഹവുമായ
രക്ഷാപദ്ധതി മുഴുവനും കാലത്തിന്റെ തികവിൽ

**അവിടുന്നു തന്റെ കരങ്ങൾ വഴി**
**നിറവേറ്റുകയും പൂർത്തീകരിക്കുകയും ചെയ്തു.**
**ദൈവത്വത്തിന്റെ പൂർണത മുഴുവനും**
**അവിടുന്നിൽ വസിക്കുന്നു.**
**അവിടുന്നു സഭയുടെ ശിരസ്സും**
**മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാകുന്നു.**
**സകലത്തിന്റെയും പൂർത്തീകരണവും**
**സകലവും പൂർത്തിയാക്കുന്നവനും അവിടുന്നാകുന്നു.**
**നിത്യനായ പരിശുദ്ധ റൂഹാവഴി അവിടുന്നു തന്നെത്തന്നെ**
**നിർമ്മലമായി ദൈവത്തിനു ബലിയർപ്പിക്കുകയും**
**തന്റെ ശരീരത്തിന്റെ ഒരിക്കൽ മാത്രമുള്ള സമർപ്പണത്താൽ**
**ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു.**
**കുരിശിലെ തന്റെ രക്തത്താൽ**
**സ്വർഗത്തെയും ഭൂമിയെയും രമ്യതപ്പെടുത്തി.**
**അവിടുന്നു ഞങ്ങളുടെ പാപങ്ങൾ നിമിത്തം**
**ഏല്പിച്ചു കൊടുക്കപ്പെടുകയും ഞങ്ങളെ**
**നീതീകരിക്കുവാൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.**

**താൻ ഏല്പിച്ചു കൊടുക്കപ്പെട്ട രാത്രിയിൽ**
**തന്റെ വിശുദ്ധ ശ്ലീഹന്മാരോടുകൂടെ**
**മഹനീയവും പരിശുദ്ധവും ദൈവികവുമായ**
**ഈ രഹസ്യം ഈശോ പരികർമം ചെയ്തു.**
**തന്റെ പരിശുദ്ധമായ കരങ്ങളിൽ അപ്പമെടുത്ത്**

*പീലാസ കൈയിലെടുക്കുന്നു.*

**വാഴ്ത്തി ✠✠✠ വിഭജിച്ചു**
**ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അവിടുന്ന് അരുൾചെയ്തു:**
**ഇതു ലോകത്തിന്റെ ജീവനുവേണ്ടി, പാപമോചനത്തിനായി**
**വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു.**
**നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.**

**സമൂ:** **ആമ്മേൻ.**

**കാർമ്മി:** അപ്രകാരം തന്നെ കാസയുമെടുത്ത്

*കാസ കൈയിലെടുക്കുന്നു.*

കൃതജ്ഞതാസ്തോത്രം ചെയ്തു വാഴ്ത്തി ✠✠✠
അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി
ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഞാൻ ഈ ചെയ്തത് നിങ്ങൾ
എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

*എല്ലാവരും കുനിഞ്ഞ് ആചാരം ചെയ്യുന്നു.*
*കാർമ്മികൻ പ്രണാമജപം തുടരുന്നു.*

**കാർമ്മി:** കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ
ഈ ദാസർ ഒരുമിച്ചുകൂടിയിരിക്കുന്നു.
മനുഷ്യവംശത്തിനു മുഴുവൻ രക്ഷ നല്കിയ
സമുന്നതവും ഭയഭക്തിജനകവും
പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം
വിനീതരും ബലഹീനരും നിസ്സാരരുമായ ഞങ്ങൾ
നിന്റെ കൃപയാൽ അനുഷ്ഠിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
ഞങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

*ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.*

**സമൂ:** ആമ്മേൻ

**ശുശ്രൂ:** ഹൃദയംകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

*താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, ശക്തനായ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭ മുഴുവനുംവേണ്ടിയും അങ്ങയുടെ
സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച നീതിമാന്മാരും
വിശുദ്ധരുമായ പിതാക്കന്മാർ, പ്രവാചകന്മാർ, ശ്ലീഹന്മാർ,
രക്തസാക്ഷികൾ, വന്ദകർ എന്നിവർക്കുവേണ്ടിയും
പുരോഹിതന്മാർ, ഭരണകർത്താക്കൾ, മേലധികാരികൾ
എന്നിവർക്കുവേണ്ടിയും രോഗികൾ, ക്ലേശിതർ, ആകുലർ,
പീഢിതർ, അഗതികൾ, ദുഃഖിതർ,
മരണം മൂലം ഞങ്ങളിൽനിന്ന് വേർപെട്ടുപോയവർ
എന്നിവർക്കുവേണ്ടിയും അങ്ങയുടെ കാരുണ്യത്തെ
പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന
ഈ ജനത്തിനും എളിയവനും
ബലഹീനനുമായ എനിക്കുംവേണ്ടിയും
ഈ കുർബാന സ്വീകരിക്കണമേ.

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തിനും കൃപാധിക്യത്തിനും
യോജിച്ചവിധം അങ്ങയുടെ ജനത്തോടും
എളിയവനായ എന്നോടും വർത്തിക്കണമേ.
എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം
അങ്ങു പ്രവർത്തിക്കരുതേ;
അങ്ങയുടെ കൃപയാൽ യഥാർത്ഥ വിശ്വാസത്തോടെ
ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി
ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

**കാർമ്മി:** കർത്താവേ, ആശീർവദിക്കണമേ.

*ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾനീട്ടി വിടർത്തിക്കൊണ്ട്*

എന്റെ സഹോദരരേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

*ബലിപീഠത്തിനുനേരേ തിരിയുന്നു.*

**സമൂ :** മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.

*കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി*
*നാലാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.*

**കാർമ്മി:** കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും
സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു.
എന്തുകൊണ്ടെന്നാൽ, പാപംമൂലം അയോഗ്യരായിരുന്നിട്ടും
അങ്ങയുടെ കാരുണ്യാതിരേകത്താൽ
ഞങ്ങളെ അങ്ങയിലേക്കടുപ്പിക്കുകയും
പരിശുദ്ധാത്മാവിന്റെ കൃപയാൽ
നവീകരിച്ചു വിശുദ്ധീകരിക്കുകയും ചെയ്തു.
ഞങ്ങളുടെ രക്ഷയ്ക്കായുള്ള
ഭയഭക്തിജനകവും ദൈവികവുമായ ഈ ശുശ്രൂഷ
അങ്ങയുടെ മുമ്പാകെ പരികർമ്മം ചെയ്യുന്നതിന്
അങ്ങു ഞങ്ങളെ യോഗ്യരാക്കി.
അങ്ങയുടെ പ്രിയപുത്രനും
ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി
ഞങ്ങൾക്കെല്ലാവർക്കും കൈവന്ന മഹനീയമായ രക്ഷയെ
കൃതജ്ഞതാപൂർവം ഞങ്ങൾ ഏറ്റുപറയുന്നു.

*തുടർന്നു വരുന്ന ഭാഗങ്ങൾ പ്രത്യുത്തരത്തോടുകൂടിയോ*
*അല്ലാതെയോ തുടരുന്നു.*

ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെ
രഹസ്യമാകുന്ന സജീവവും പരിശുദ്ധവും സ്വീകാര്യവുമായ

ഈ ബലി നുറുങ്ങിയ ഹൃദയത്തോടും
എളിയ ആത്മാവോടുംകൂടി അങ്ങയുടെ മഹനീയമായ
ത്രിത്വത്തിന്റെ മുമ്പാകെ ഞങ്ങൾ അർപ്പിക്കുന്നു.
പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന
നിർമലവും പരിശുദ്ധവുമായ ഈ ബലിയിൽ അങ്ങു
സംപ്രീതനായി, കാരുണ്യപൂർവം ഇതു സ്വീകരിക്കണമേ.
കർത്താവേ, ഞങ്ങളുടെ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭയിൽ
അങ്ങയുടെ ശാന്തിയും സമാധാനവും
എന്നെന്നും വസിക്കാനിടയാക്കണമേ.
കലഹങ്ങളും ഭിന്നതകളും പീഡനങ്ങളും വിഭാഗീയതകളും
സഭയിൽ നിന്നകറ്റണമേ.
നിർമലഹൃദയത്തോടും ഏകമനസ്സോടും
പൂർണസ്നേഹത്തോടുംകൂടി ഞങ്ങളെല്ലാവരും
ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമേ.

സത്യത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്ന
സാർവ്വത്രികസഭയുടെ തലവനായ മാർ (പേര്) പാപ്പായും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ച്ബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്)
മെത്രാപ്പോലീത്തായും ഞങ്ങളുടെ പിതാവും
മേലദ്ധ്യക്ഷനുമായ മാർ (പേര്) മെത്രാനും
(മെത്രാപ്പോലീത്താ) എല്ലാ മെത്രാന്മാരും പുരോഹിതന്മാരും
മ്ശംശാനാമാരും - സമർപ്പിതരും അല്മായപ്രേഷിതരും -
തിരുമുമ്പിൽ നിർമലതയോടും ഭക്തിയോടും
വിശുദ്ധിയോടുംകൂടി ശുശ്രൂഷ ചെയ്യുന്നതിനും അങ്ങയെ
പ്രസാദിപ്പിക്കുന്നതിനും ഞങ്ങളുടെ കർത്താവീശോമിശിഹാ
പ്രത്യക്ഷനാകുമ്പോൾ
മഹോന്നതഭാഗ്യത്തിനു യോഗ്യരാകുന്നതിനും വേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

**കർത്താവായ ദൈവമേ,**
**ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള പരിശുദ്ധ**
**കത്തോലിക്കാസഭയുടെ മക്കളെല്ലാവരും**
**ജീവന്റെ രക്ഷയ്ക്കുവേണ്ടി**
**സത്യവിശ്വാസത്തോടും സത്പ്രവൃത്തികളോടുംകൂടി**
**തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ ഇടയാക്കണമേ.**
**പാപിയും അയോഗ്യനുമായ ഈ ദാസനെയും**
**ഈ ബലിയിൽ പ്രത്യേകമായി അനുസ്മരിക്കപ്പെടുന്ന**
**എല്ലാവരെയും തിരുസന്നിധിയിൽ**
**കൃപയും ദയയും കണ്ടെത്തുവാൻ യോഗ്യരാക്കണമേ.**
**അങ്ങയുടെ കൃപയാൽ ഭൂമിയുടെ ഫലങ്ങളെയും**
**കാലാവസ്ഥയെയും വത്സരത്തിന്റെ വിളവുകളെയും**
**അനുഗ്രഹിക്കണമേ. ഈ ലോകത്തിൽനിന്ന്**
**സത്യവിശ്വാസത്തോടെ മരിച്ചുപോയവർ**
**നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി**
**ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

*അല്ലെങ്കിൽ*

### *പ്രത്യുത്തരത്തോടുകൂടിയ ഗ്ഹാന്താ*

**കാർമ്മി:** **ലോകത്തിന്റെ പാപം നീക്കുന്ന**
**ദൈവത്തിന്റെ കുഞ്ഞാടിന്റെ രഹസ്യമാകുന്ന**
**സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി**
**നുറുങ്ങിയ ഹൃദയത്തോടും എളിയ**
**ആത്മാവോടുംകൂടി അങ്ങയുടെ മഹനീയമായ**
**ത്രിത്വത്തിന്റെ മുമ്പാകെ ഞങ്ങൾ അർപ്പിക്കുന്നു.**
**പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന**
**നിർമലവും പരിശുദ്ധവുമായ ഈ ബലിയിൽ**
**അങ്ങു സംപ്രീതനാകണമേ.**

**സമൂ :** **ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.**

**കാർമ്മി:** കർത്താവേ, ഞങ്ങളുടെ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭയിൽ
അങ്ങയുടെ ശാന്തിയും സമാധാനവും
എന്നെന്നും വസിക്കാനിടയാക്കണമേ.
കലഹങ്ങളും ഭിന്നതകളും പീഡനങ്ങളും വിഭാഗീയതകളും
സഭയിൽ നിന്നകറ്റണമേ.
നിർമലഹൃദയത്തോടും ഏകമനസ്സോടും
പൂർണസ്നേഹത്തോടുംകൂടി ഞങ്ങളെല്ലാവരും
ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമേ.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ

**കാർമ്മി:** സത്യത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്ന
സാർവത്രികസഭയുടെ തലവനായ മാർ (പേര്) പാപ്പായും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ (പേര്)
മെത്രാനും (മെത്രാപ്പോലീത്താ)
എല്ലാ മെത്രാന്മാരും പുരോഹിതന്മാരും
മ്ശംശാനാമാരും - സമർപ്പിതരും അല്മായപ്രേഷിതരും -
തിരുമുമ്പിൽ നിർമലതയോടും ഭക്തിയോടും
വിശുദ്ധിയോടുംകൂടി ശുശ്രൂഷ ചെയ്യുന്നതിനും
അങ്ങയെ പ്രസാദിപ്പിക്കുന്നതിനും,
ഞങ്ങളുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ
മഹോന്നതഭാഗ്യത്തിനു യോഗ്യരാകുന്നതിനും ഇടയാക്കണമേ.

**സമൂ:** ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

**കാർമ്മി:** കർത്താവായ ദൈവമേ, ഇവിടെയും മറ്റെല്ലാ
സ്ഥലങ്ങളിലുമുള്ള പരിശുദ്ധ കത്തോലിക്കാസഭയുടെ

**മക്കളെല്ലാവരും ജീവന്റെ രക്ഷയ്ക്കുവേണ്ടി**
**സത്യവിശ്വാസത്തോടും സത്പ്രവൃത്തികളോടുംകൂടി**
**തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ ഇടയാക്കണമേ.**
**പാപിയും അയോഗ്യനുമായ ഈ ദാസനെയും**
**ഈ ബലിയിൽ പ്രത്യേകമായി അനുസ്മരിക്കപ്പെടുന്ന**
**എല്ലാവരെയും തിരുസന്നിധിയിൽ അങ്ങയുടെ**
**കൃപയും ദയയും കണ്ടെത്തുവാൻ യോഗ്യരാക്കണമേ.**
**അങ്ങയുടെ കൃപയാൽ ഭൂമിയുടെ ഫലങ്ങളെയും**
**കാലാവസ്ഥയെയും വത്സരത്തിന്റെ വിളവുകളെയും**
**അനുഗ്രഹിക്കണമേ. ഈ ലോകത്തിൽനിന്ന്**
**സത്യവിശ്വാസത്തോടെ മരിച്ചുപോയവർ**
**നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനും ഇടയാക്കണമേ.**

**സമൂ:** **ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.**

*കാർമ്മികൻ തുടരുന്നു*

**കർത്താവേ, അങ്ങു മാത്രമാണു സത്യത്തിന്റെ**
**പിതാവായ ദൈവമെന്ന് എല്ലാ മനുഷ്യരും അറിയണമെന്നും**
**യഥാർത്ഥ ജ്ഞാനത്തിലേക്കു തിരിഞ്ഞ് എല്ലാവരും**
**രക്ഷിക്കപ്പെടണമെന്നും അങ്ങ് ആഗ്രഹിക്കുന്നുവല്ലോ.**
**അങ്ങ് അനാദിമുതൽ കർത്താവാണെന്നും**
**സൃഷ്ടിക്കപ്പെടാത്തവനും സകലത്തിന്റെയും**
**സ്രഷ്ടാവുമായ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
**ദൈവമാണെന്നും അവർ അറിയട്ടെ.**
**മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി**
**ദൈവപുത്രനും ദൈവവചനവുമായ കർത്താവീശോമിശിഹാ**
**പൂർണമനുഷ്യത്വം ധരിച്ച് ദൈവത്തിന്റെ ശക്തിയാലും**
**പരിശുദ്ധാത്മാവിനാലും സകലതും പൂർത്തീകരിക്കുകയും**
**നീതീകരിക്കുകയും ചെയ്തുവെന്നും**
**അവിടുന്നു ദൈവത്തിന്റെയും മനുഷ്യരുടെയും മധ്യസ്ഥനും**
**നിത്യജീവന്റെ ദാതാവുമാണെന്നും എല്ലാവരും ഗ്രഹിക്കട്ടെ.**

**കർത്താവേ, മർത്ത്യമായ ശരീരത്തിലും അമർത്ത്യമായ ആത്മാവിലും ഞങ്ങളുടെ പരേതരായ സഹോദരർ ചെയ്തുപോയ തെറ്റുകളും കുറ്റങ്ങളും അങ്ങയുടെ മുൻപാകെ അവർക്ക് വന്നുപോയിട്ടുള്ള വീഴ്ചകളും കൃപാപൂർവം മോചിക്കണമേ. എന്തുകൊണ്ടെന്നാൽ, പാപം ചെയ്യാത്തവരും അങ്ങേ പക്കൽനിന്നു കരുണയും പാപമോചനവും ആവശ്യമില്ലാത്തവരുമായി ആരുമില്ല. അങ്ങു കാരുണ്യപൂർവം ഞങ്ങളിൽ സംപ്രീതനാകണമെന്നു ഞങ്ങൾ യാചിക്കുകയും അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.**

**കർത്താവേ, ആരാധ്യനായ ദൈവമേ, ഞങ്ങളുടെ അധരങ്ങളുടെ ഫലമായ ഈ സ്തോത്രബലി കാരുണ്യപൂർവം സ്വീകരിച്ചു ഞങ്ങളിൽ പ്രസാദിക്കണമേ.**

**ശുശ്രൂ:** **നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവം പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.**

*കാർമ്മികൻ ദിവ്യരഹസ്യങ്ങൾക്കുമുകളിൽ കൈകളുയർത്തി, ഇടതുകൈ അടിയിലും വലതുകൈ മുകളിലുമായി കുരിശാകൃതിയിൽ കമിഴ്ത്തിപ്പിടിക്കുന്നു.*

**കാർമ്മി:** **പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളുടെയും
ഈ കുർബാനയുടെയുംമേൽ ഇറങ്ങിവരട്ടെ.
ഈ അപ്പത്തിലും ഈ കാസയിലും അവിടുന്ന് അധിവസിച്ച്
ഇവയെ പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുകയും
പവിത്രീകരിക്കുകയും മുദ്രിതമാക്കുകയും ചെയ്യട്ടെ.
കർത്താവേ, അങ്ങയുടെ നാമത്തിന്റെ ശക്തിയാൽ
ഈ അപ്പവും ഈ കാസയും
മിശിഹായുടെ ശരീരവും രക്തവുമായി ഭവിക്കട്ടെ.**

**സത്യവിശ്വാസത്തോടെ ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുകയും**
**കാസയിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്നവർക്ക്**
**ഇവ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും**
**ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും**
**ആത്മശരീരങ്ങളുടെ രക്ഷയ്ക്കും**
**നിത്യമഹത്ത്വത്തിനും കാരണമാകട്ടെ.**
**ദിവ്യകല്പനകൾക്കനുസൃതം വ്യാപരിച്ച്**
**അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുമൊപ്പം**
**സ്വർഗരാജ്യത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കുവാൻ**
**കർത്താവീശോമിശിഹായുടെ കൃപയാൽ**
**ഞങ്ങളേവരും യോഗ്യരാകട്ടെ.**

*ബലിപീഠം ചുംബിക്കുന്നു*

**സ്വർഗത്തിലും ഭൂമിയിലും ഞങ്ങളെല്ലാവരുമൊന്നിച്ച്**
**പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും**
**യോഗ്യമാംവിധം സ്തുതിക്കുകയും ആരാധിക്കുകയും**
**പുകഴ്ത്തുകയും ചെയ്യുമാറാകട്ടെ.**
**ഇപ്പോഴും** ✠ *(ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.)*
**എപ്പോഴും എന്നേക്കും.**

**സമൂ:** **ആമ്മേൻ.**

*ശേഷം കുർബാനയുടെ പൊതുക്രമത്തിലേതുപോലെ*

**(സ്വർഗവാസികളുടെ സമാധാനവും...)**